(ഡി) ഹൈവേ പോലീസ് ഡ്യൂട്ടിക്കിടയിൽ ഉന്നത ഉദ്യോഗസ്ഥൻ നടത്തിയ പരിശോധനയിൽ അഴിമതിക്കാരായി കണ്ട ഉദ്യോഗസ്ഥരുടെ പേരും അവർക്കെതിരെ സ്വീകരിച്ച നടപടിയും താഴെ കൊടുക്കുന്നു:

1. വിജയൻ, എസ്.ഐ. 2. ശ്രീകണ്ഠൻ നായർ, പി.സി.റ്റി. 7338 3. പുഷ്പരാജൻ, പി.സി.റ്റി. 9636 4. ശശിധരൻ, പി.സി.റ്റി. 6396 (ഡ്രൈവർ)	(അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു. ഇവരെ വകുപ്പുതല അന്വേഷണത്തിന് വിധേയമാക്കിയിരിക്കുകയാണ്.)
5. ബേബി, എസ്.ഐ. 6. ജോൺസൺ, എസ്.ഐ. 7. ജയചന്ദ്രൻ, പി.സി.റ്റി. 8026 8. രാജേന്ദ്രൻ, പി.സി.റ്റി. 9386 9. ബിനുകുമാർ, പി.സി.റ്റി. 2054 (ഡ്രൈവർ) 10. അബ്ദുൾ മജീദ്, എസ്.ഐ.	(അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.)
11. പി. ശശി, എസ്.ഐ.	(വാച്യാന്വേഷണം നടന്നുവരുന്നു.)
12. ബി. വിജയകുമാർ, എസ്.ഐ. 13. ഷാജി, പി. സി. 8600 14. ഗോപാലകൃഷ്ണൻ, ഡ്രൈവർ (എച്ച്.സി. 6977)	(അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് വാച്യാന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.)

കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ നടപടി

*12 [285] ശ്രീ. പി. കെ. കെ. ബാവ:
" യു. സി. രാമൻ:
" വി. കെ. ഇബ്രാഹിം കുഞ്ഞ്:
" സി. മോയിൻകുട്ടി:
" ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ എത്ര ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നുണ്ട്;

(ബി) ഇത് കാരണം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) സെക്രട്ടറിയേറ്റിലെ തദ്ദേശസ്വയംഭരണ വകുപ്പിൽ 10096 ഫയലുകൾ തീർപ്പാക്കാതെ കെട്ടികിടക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കെട്ടിക്കിടക്കുന്ന ഫയലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ ആഗസ്റ്റ് മാസത്തിൽ ഫയൽ അദാലത്ത് നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

മത്സ്യത്തിൽ മായം ചേർക്കുന്നത് തടയാൻ നടപടി

*ദ [286] ശ്രീമതി രാധാ രാഘവൻ:
ശ്രീ. ലൂഡി ലൂയിസ്:
" എൻ. ഡി. അപ്പച്ചൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ മത്സ്യ മാർക്കറ്റുകളിൽ വിൽക്കപ്പെടുന്ന മത്സ്യത്തിൽ മായം കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ;

(ബി) മത്സ്യം കേടാകാതിരിക്കുവാൻ അതിൽ അമോണിയം ചേർത്താണോ മാർക്കറ്റിലെത്തിക്കുന്നതെന്ന് തിരുവനന്തപുരം കോർപ്പറേഷൻ പരിശോധന നടത്താറുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) രാസവസ്തുക്കൾ ചേർത്ത് വിൽപ്പനയ്ക്ക് കൊണ്ടുവരുന്ന മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുവാൻ നിർദ്ദേശം നൽകുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) മത്സ്യത്തിൽ മായം കലർത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, മത്സ്യ മാർക്കറ്റുകളിൽ പരിശോധന നടത്തി സാമ്പിൾ എടുക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ഫുഡ് ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരിശോധന നടത്താറുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറിയിൽ ഇതിനുള്ള സംവിധാനമുണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly